പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5371

05-07-2012 - ൽ മറുപടിക്ക്

## ഐ.റ്റി യിലൂടെ സർക്കാർ ഓഫീസുകൾ കാര്യക്ഷമമാക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഉമ്മർ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) ഐ.റ്റി. വകുപ്പിന്റെ സേവനം ഉപയോഗിച്ച് സർക്കാർ ഓഫീസുകൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; | (എ) വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സർക്കാർ ഓഫീസുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനുതകുന്ന വിവിധ പദ്ധതികൾ കേരള സ്റ്റേറ്റ് ഐ.ടി. മിഷനിലൂടെ സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഇ-ഡിസ്ട്രിക്റ്റ്, ഇ-പ്രോക്യൂർമെന്റ് തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിലൂടെ സർക്കാർ വകുപ്പുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതാണ്. കെസ്വാൻ, സംസ്ഥാന ഡേറ്റാ സെന്ററുകൾ എന്നീ പദ്ധതികളുടെ പ്രവർത്തനം സംസ്ഥാനത്ത് വിവിധ വകുപ്പുകളിൽ വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള സേവനങ്ങൾ നടപ്പിലാക്കുവാനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് സഹായകമായി. അക്ഷയ, ഫ്രണ്ട്സ് എന്നിവയുടെ പ്രവർത്തനം വിവിധ വകുപ്പുകളുടെ സേവനം പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുന്നതിന് സഹായകമായി. ഐഡീയാസ്/ഡി.ഡി.എഫ്.എസ്. തുടങ്ങിയ പദ്ധതികൾ മുഖേന സർക്കാർ ഫയലുകൾ കൂടുതൽ കാര്യക്ഷമതയോടെ കൈകാര്യം ചെയ്യുന്നതിനും പൊതുജനങ്ങൾക്ക് ഫയൽ സംബന്ധിച്ച വിവരങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനും സഹായകമായി. |
| (ബി) വിവരസാങ്കേതിക വകുപ്പിലൂടെ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) വിവരസാങ്കേതിക വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ ഐ.ടി.പാർക്കുകൾ വികസിപ്പിക്കുന്നതിലൂടെയും പുതിയ ഐ.ടി. പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെയും പുതിയ ഐ.ടി.വ്യവസായങ്ങൾ ഉണ്ടാകുന്നതിനും നിലവിലുള്ളവ വികസിക്കുന്നതിനും വഴിയൊരുക്കുന്നു. ഇതുമൂലം ഈ മേഖലയിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. 12-ാം പദ്ധതിയുടെ നയസമീപനരേഖയിൽ സംസ്ഥാനത്തെ ഐ.ടി.മേഖലയിൽ അടുത്ത അഞ്ചു വർഷത്തിനുള്ളിൽ പത്ത് മടങ്ങ് വളർച്ചയാണ് കണക്കാക്കിയിരിക്കുന്നത്. ഐ.ടി. മേഖലയിൽ ഈകാലയളവിൽ ആനുപാതികമായ തൊഴിൽസാദ്ധ്യത പ്രതീക്ഷിക്കുന്നുണ്ട്. |
| (സി) ഈ വകുപ്പിന്റെ പ്രവർത്തനം മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് നടത്താൻ സ്വീകരിച്ച നടപടികൾ എന്തെന്ന് വിശദമാക്കാമോ? | (സി) ഈ വകുപ്പിന്റെ പ്രവർത്തനം മറ്റു വകുപ്പുകളുമായി സംയോജിപ്പിച്ച് ഇ-ഡിസ്ട്രിക്റ്റ്, ഐഡീയാസ്, ഇ-പ്രൊക്യൂർമെന്റ്, ഇ-മെയിൽ സർവർ, ഡി.ഡി.എഫ്.എസ്, ഫ്രണ്ട്സ്, വീഡിയോ കോൺഫ്രൻസിംഗ്, കെസ്വാൻ, സംസ്ഥാന ഡേറ്റാസെന്റർ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ആഫീസർ